## പതിമൂന്നാം കേരള നിയമസഭ

# വിഷയനിർണ്ണയ സമിതി II

## ഭൂനികുതിയും ദേവസ്വവും

## 2014-15 സാമ്പത്തികവർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 236-ാം ചട്ടത്തിന്റെ (5)-ാം ഉപചട്ടപ്രകാരമുള്ളത്

2015 ജൂൺ 29-ാം തീയതി സമർപ്പിച്ചത്

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2015

പതിമൂന്നാം കേരള നിയമസഭ

# വിഷയനിർണ്ണയ സമിതി II

## ഭൂനികുതിയും ദേവസ്വവും

## 2014-15 സാമ്പത്തികവർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 236-ാം ചട്ടത്തിന്റെ (5)-ാം ഉപചട്ടപ്രകാരമുള്ളത്

584/2015.

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |

# വിഷയനിർണ്ണയ സമിതി II

## ഭൂനികുതിയും ദേവസ്വവും

## (2014-2015)

**ഘടന**

<u>അദ്ധ്യക്ഷൻ</u> :

ശ്രീ. അടൂർ പ്രകാശ്,
റവന്യൂവും കയറും വകുപ്പുമന്ത്രി.

<u>എക്സ്-ഒഫീഷ്യോ അംഗം</u> :

ശ്രീ. വി. എസ്. ശിവകുമാർ,
ആരോഗ്യവും ദേവസ്വവും വകുപ്പുമന്ത്രി.

<u>അംഗങ്ങൾ</u> :

ശ്രീ. പി. ബി. അബ്ദുൾ റസാക്

ശ്രീ. ബാബു എം. പാലിശ്ശേരി

ശ്രീ. സി. കെ. നാണു

ശ്രീ. എ. പ്രദീപ്കുമാർ

ശ്രീ. പാലോട് രവി

ശ്രീ. സി. കെ. സദാശിവൻ

ശ്രീ. വി. പി. സജീന്ദ്രൻ

ശ്രീ. എൻ. ഷംസുദ്ദീൻ

ശ്രീ. വി. എസ്. സുനിൽ കുമാർ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

ശ്രീ. പി. ഡി. ശാരംഗധരൻ, സെക്രട്ടറി

ശ്രീ. തുളസീധരൻ, എസ്., അഡീഷണൽ സെക്രട്ടറി

ശ്രീമതി എം. ആർ. മഹേശ്വരി, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. ആർ. മോഹനദാസ്, അണ്ടർ സെക്രട്ടറി.

# അവതാരിക

ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച വിഷയനിർണ്ണയ സമിതി II-ന്റെ 2014-2015 സാമ്പത്തികവർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 236 (5) പ്രകാരം സമിതി ചെയർമാനായ ഞാൻ സമർപ്പിക്കുന്നു.

2014-15-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ട് 2014 ജൂൺ 9-ാം തീയതി സഭയിൽ സമർപ്പിക്കുകയുണ്ടായി. പ്രസ്തുത റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സ്വീകരിച്ച നടപടി സംബന്ധിച്ച് ബന്ധപ്പെട്ട വകുപ്പുകളിൽനിന്നും ലഭിച്ച സ്റ്റേറ്റ്മെന്റുകൾ 2014 ഒക്ടോബർ 24, 2015 ജൂൺ 8 എന്നീ തീയതികളിൽ ചേർന്ന സമിതിയോഗങ്ങളിൽ പരിഗണിച്ചു.

2015 ജൂൺ 8-ന് ചേർന്ന യോഗത്തിൽ ഈ റിപ്പോർട്ട് സമിതി അംഗീകരിച്ചു.

അടൂർ പ്രകാശ്,

*അദ്ധ്യക്ഷൻ,*

*വിഷയനിർണ്ണയ സമിതി II.*

തിരുവനന്തപുരം,
2015 ജൂൺ 8.

# റിപ്പോർട്ട്

ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച വിഷയനിർണ്ണയ സമിതി II-ന്റെ 2014-15 സാമ്പത്തികവർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ, സർക്കാർ സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളുന്നതാണ് ഈ റിപ്പോർട്ട്.

വിഷയനിർണ്ണയ സമിതി II-ന്റെ 2014-2015 സാമ്പത്തികവർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ട് 2014 മാർച്ച് 12-ാം തീയതി ചേർന്ന സമിതി യോഗം അംഗീകരിക്കുകയും, 2014 ജൂൺ 9-ാം തീയതി സഭയിൽ സമർപ്പിക്കുകയും ചെയ്തു. ഈ റിപ്പോർട്ടിൽ റവന്യൂ, ദേവസ്വം എന്നീ വകുപ്പുകളെ സംബന്ധിക്കുന്ന 24 ശിപാർശകളും ലീഗൽ മെട്രോളജി വകുപ്പുമായി ബന്ധപ്പെട്ട 2 ശിപാർശകളുമാണുള്ളത്. റിപ്പോർട്ടിലെ ശിപാർശകളിൽ ബന്ധപ്പെട്ട വകുപ്പിൽ നിന്ന് ലഭിച്ച അനന്തരനടപടി സ്റ്റേറ്റ്മെന്റുകൾ 29-10-2014, 8-6-2015 എന്നീ തീയതികളിലെ യോഗങ്ങളിൽ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

സമിതിയുടെ ശിപാർശകളും ശിപാർശകളിന്മേൽ സർക്കാരിൽ നിന്നും ലഭിച്ച മറുപടികളും പുറവടെ ചേർക്കുന്നു:

ശിപാർശ

3475-00-106-99-05-4—അളവുകളുടെയും തൂക്കങ്ങളുടെയും ക്രമീകരണം മെട്രിക് സമ്പ്രദായം നടപ്പാക്കൽ—ഓഫീസ് ചെലവുകൾ മറ്റിനങ്ങൾ

2013-14 സാമ്പത്തികവർഷത്തെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ പല ബില്ലുകളും മാറി നൽകിയിട്ടില്ല എന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ 2014-15-ലെ ബഡ്ജറ്റ് വിഹിതമായ 8 ലക്ഷം രൂപയ്ക്കു പുറമെ 10 ലക്ഷം രൂപ കൂടി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 7)

സ്വീകരിച്ച നടപടി

തുക അനുവദിച്ചിട്ടില്ല.

ശിപാർശ

3475-00-106-99-06—അളവുകളുടെയും തൂക്കങ്ങളുടെയും ക്രമീകരണം മെട്രിക് സമ്പ്രദായം നടപ്പാക്കൽ—വാടക, കരം, നികുതി

വാടക കുടിശ്ശിക ഇനത്തിൽ ഹൗസിംഗ് ബോർഡിന് 24 ലക്ഷം രൂപയും തിരുവനന്തപുരം ഡെപ്യൂട്ടി കൺട്രോളർ ഓഫീസിന് 5 ലക്ഷം രൂപയും നൽകാനുള്ളതിനാൽ 2014-15-ലെ ബഡ്ജറ്റ് വിഹിതത്തിനു പുറമെ 30 ലക്ഷം രൂപ കൂടി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 8)

സ്വീകരിച്ച നടപടി

തുക അനുവദിച്ചിട്ടില്ല.

ശിപാർശ

സംസ്ഥാന ധർമ്മകാര്യം

തിരുവനന്തപുരം എസ്.എം.വി. സ്കൂൾ കോമ്പൗണ്ടിൽ സ്ഥിതി ചെയ്യുന്ന ക്ഷേത്രത്തിലെ പൂജാരിയുടെ വേതനം 500 രൂപയിൽ നിന്നും 1,000 രൂപയാക്കി വർദ്ധിപ്പിക്കുന്നതിന് സമിതി ശിപാർശ ചെയ്തിരുന്നതിനാൽ ആയത് നൽകുന്നതിലേക്കായി ബഡ്ജറ്റിൽ ഇപ്പോൾ അനുവദിച്ച തുകയ്ക്ക് പുറമെ 6,000 രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 14)

സ്വീകരിച്ച നടപടി

തിരുവനന്തപുരം എസ്.എം.വി. മോഡൽ ഹയർ സെക്കണ്ടറി സ്കൂൾ കോമ്പൗണ്ടിൽ സ്ഥിതി ചെയ്യുന്ന അമ്പലത്തിലെ പൂജാരിയുടെ പ്രതിമാസ വേതനം/പടി 500 രൂപയിൽ നിന്നും 1,000 രൂപയായി വർദ്ധിപ്പിച്ച് 2015-2016 സാമ്പത്തികവർഷം മുതൽ "2250-00-101-99-NP" എന്ന ബഡ്ജറ്റ് ശീർഷകത്തിൽ 12,000 രൂപ വകയിരുത്തുന്നതിന് 27-6-2014-ലെ സ.ഉ. (ആർറ്റി.) 2929/14/ആർഡി. പ്രകാരം ഭരണാനുമതി നൽകി ഉത്തരവായിട്ടുണ്ട്.

ശിപാർശ

2215-02-105-95—മലബാർ ദേവസ്വം ബോർഡ്—സഹായധനം—ശമ്പളം

മലബാർ ദേവസ്വം ബോർഡിനു കീഴിലുള്ള ബി., സി., ഡി. ഗ്രേഡ് ക്ഷേത്രങ്ങൾ സാമ്പത്തികമായി സ്വയംപര്യാപ്തമല്ലാത്തതിനാൽ നിലവിൽ ശമ്പള കുടിശ്ശികയ്ക്കായി മലബാർ ദേവസ്വം ബോർഡ് മാനേജ്മെന്റ് ഫണ്ടിൽ നിന്നുമാണ് തുക നൽകിവരുന്നത്. സർക്കാർ ജീവനക്കാർക്ക് അതതു കാലത്തെ ക്ഷാമബത്ത അനുവദിക്കുമ്പോൾ ക്ഷേത്ര ജീവനക്കാർക്കും ആയത് അനുവദിക്കേണ്ടതുണ്ട്. ആയതിനാൽ പ്രസ്തുത ആവശ്യത്തിലേക്കായി ഇപ്പോൾ അനുവദിച്ചിരിക്കുന്ന തുകയ്ക്ക് പുറമെ 14 കോടി രൂപ കൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 15)

<u>സ്വീകരിച്ച നടപടി</u>

മലബാർ ദേവസ്വം ബോർഡിനു കീഴിൽ 1300-ൽ കൂടുതൽ ക്ഷേത്രങ്ങൾ ഇപ്പോൾ നിലവിലുണ്ട്. പ്രസ്തുത ക്ഷേത്രങ്ങളുടെ യഥാർത്ഥ ഭരണ നിയന്ത്രണം അതാത് ക്ഷേത്രങ്ങളുടെ ട്രസ്റ്റി ബോർഡിൽ നിക്ഷിപ്തമാണ്. ഓരോ ക്ഷേത്രത്തിനും പ്രത്യേകമായി തയ്യാറാക്കിയതും മലബാർ ദേവസ്വം ബോർഡ് അല്ലെങ്കിൽ ബന്ധപ്പെട്ട കോടതി അംഗീകരിച്ച ഭരണക്രമം (Scheme of Administration) അനുസരിച്ചാണ് ദൈനംദിന ഭരണം നടത്തുന്നത്. ഇക്കാര്യത്തിൽ മലബാർ ദേവസ്വം ബോർഡിന് മേൽനോട്ടാധികാരം (Supervisory Control) മാത്രമേയുള്ളൂ. ഓരോ അമ്പലത്തിലും ജീവനക്കാരെ നിയമിക്കുന്നതും അനുബന്ധ നടപടികളും ബന്ധപ്പെട്ട ബോർഡ്/ട്രസ്റ്റിമാരാണ്. 5 ലക്ഷം രൂപ വരെ വാർഷിക വരുമാനമുള്ള ക്ഷേത്രങ്ങളിലെ ജീവനക്കാരുടെ ശമ്പള കുടിശ്ശിക നൽകുന്നതിനായി ചെറിയൊരു തുക സർക്കാർ നൽകുന്നുണ്ട്. എന്നാൽ ഇത് ബന്ധപ്പെട്ട ക്ഷേത്രങ്ങളുടെ അവകാശമായി കണക്കാക്കാൻ സാധ്യമല്ല. ജീവനക്കാർക്ക് ശമ്പളം കൊടുക്കുക എന്നുള്ളത് നിയമനാധികാരിയുടെ പ്രാഥമിക ചുമതലയും ഉത്തരവാദിത്വവുമാണ്. ക്ഷേത്രങ്ങളുടെമേൽ കേവലമായി Supervisory Control മാത്രമുള്ള മലബാർ ദേവസ്വം ബോർഡിന് പരിമിതമായ ഉത്തരവാദിത്വം മാത്രമേയുള്ളൂ. ഇക്കാര്യത്തിൽ സർക്കാരിന്റെ ഉത്തരവാദിത്വം തീരെയില്ല എന്നുതന്നെ പറയാം. എന്നാൽ പല ക്ഷേത്രങ്ങളിലും ജീവനക്കാർക്ക് ശമ്പളം നൽകുന്നതിന് ബുദ്ധിമുട്ടുന്നത് പരിഗണിച്ച് ജീവനക്കാരുടെ പ്രശ്നമെന്ന നിലയിൽ മാനുഷിക പരിഗണന എന്ന നിലയിൽ മാത്രമാണ് സർക്കാർ ചെറിയ തുക നൽകുന്നത്. ഇക്കാര്യത്തിൽ സർക്കാരിന് കൂടുതൽ ബാദ്ധ്യതകൾ ഏറ്റെടുക്കുന്നതിന് നിർവ്വാഹമില്ല. ആയതിനാൽ ബഹു. സമിതി ശിപാർശ ചെയ്ത പ്രകാരം തുക അനുവദിക്കാൻ നിർവ്വാഹമില്ല എന്നറിയിക്കുന്നു.

<u>ശിപാർശ</u>

2250-00-103-87-36—<u>സഹായധനം—ശമ്പളേതരം</u>

മലബാർ ദേവസ്വം ബോർഡിനു കീഴിലുള്ള ക്ഷേത്രങ്ങൾക്ക് ജീർണ്ണോദ്ധാരണ ധനസഹായമായി ഫണ്ടിന്റെ അപര്യാപ്തതമൂലം 10,000 രൂപ മാത്രമാണ് നിലവിൽ അനുവദിച്ചു നൽകാറുള്ളത്. സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന എല്ലാ ക്ഷേത്രങ്ങളും നവീകരണ പ്രവർത്തനങ്ങൾക്കായി സർക്കാർ ധനസഹായത്തെ മാത്രമാണ് ആശ്രയിക്കുന്നത്. ആയതിനാൽ സാമ്പത്തികമായി പിന്നോക്കാവസ്ഥയിലുള്ള എല്ലാ ക്ഷേത്രങ്ങൾക്കും ഏറ്റവും ചുരുങ്ങിയത് ഒരു ലക്ഷം രൂപയെങ്കിലും അനുവദിച്ചു നൽകാൻ കഴിയുന്ന വിധത്തിൽ ഈ ആവശ്യത്തിലേക്കായി 14.5 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 16)

<u>സ്വീകരിച്ച നടപടി</u>

മലബാർ ദേവസ്വം ബോർഡിനു കീഴിലുള്ള ക്ഷേത്രങ്ങൾക്ക് ജീർണ്ണോദ്ധാരണ ധനസഹായം അനുവദിക്കുന്നതിന് ബോർഡിന്റെ തനതു ഫണ്ടിൽ നിന്നും കഴിയുന്നത്ര തുക വകയിരുത്തേണ്ടതാണെന്ന് മലബാർ ദേവസ്വം ബോർഡ് കമ്മീഷണർക്ക് നിർദ്ദേശം നൽകുന്നതാണ്.

<u>ശിപാർശ</u>

സാമൂഹികമായും സാമ്പത്തികമായും പിന്നോക്കാവസ്ഥയിലുള്ളതും പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗം നടത്തിപ്പുകാരായതുമായ സ്വകാര്യ ക്ഷേത്രങ്ങളുടെ ജീർണ്ണോദ്ധാരണ പ്രവൃത്തികൾക്കായി ഏറ്റവും കുറഞ്ഞത് ഒരു ലക്ഷം രൂപയെങ്കിലും അനുവദിക്കേണ്ടതിനാൽ ഈ ആവശ്യത്തിലേക്കായി 10 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 17)

<u>സ്വീകരിച്ച നടപടി</u>

മലബാർ ദേവസ്വം ബോർഡിനു കീഴിലുള്ള സാമൂഹികമായും സാമ്പത്തികമായും പിന്നോക്കാവസ്ഥയിലുള്ളതും പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗം നടത്തിപ്പുകാരായതുമായ സ്വകാര്യ ക്ഷേത്രങ്ങളുടെ ജീർണ്ണോദ്ധാരണ പ്രവൃത്തികൾക്കായി ബോർഡിന്റെ തനതു ഫണ്ടിൽ നിന്നും തുക വകയിരുത്തേണ്ടതാണെന്ന് മലബാർ ദേവസ്വം ബോർഡ് കമ്മീഷണർക്ക് നിർദ്ദേശം നൽകുന്നതാണ്.

<u>ശിപാർശ</u>

മലബാർ ദേവസ്വം ബോർഡിന്റെ കീഴിലുള്ള ക്ഷേത്രങ്ങളുടെ ഭൂമി കയ്യേറ്റത്തിന്റെ വ്യാപ്തി കൃത്യമായി മനസ്സിലാക്കുന്നതിനും ആയത് തിരിച്ചുപിടിക്കുന്നതിനും റവന്യൂ/സർവ്വേ വകുപ്പുകളുടെ സംയുക്ത സർവ്വേയിലൂടെ മാത്രമെ സാധിക്കുകയുള്ളൂ. ഇതിനുവേണ്ടി ബോർഡിന്റെ കീഴിൽ ഒരു ലാന്റ് കൺസർവൻസി യൂണിറ്റ് രൂപീകരിച്ചാൽ മാത്രമേ അന്യാധീനപ്പെട്ട ഭൂമി വീണ്ടെടുക്കുന്ന നടപടി കാര്യക്ഷമമാകുകയുള്ളൂ. അപ്രകാരം ലാന്റ് കൺസർവൻസി യൂണിറ്റ് രൂപീകരിക്കുന്നതിനുവേണ്ടി 5.5 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 18)

സ്വീകരിച്ച നടപടി

മലബാർ ദേവസ്വം ബോർഡിനു കീഴിലുള്ള ക്ഷേത്രങ്ങളുടെ അന്യാധീനപ്പെട്ട ഭൂമി തിരിച്ചുപിടിക്കുന്നതിനായി മലബാർ ദേവസ്വം ബോർഡിനു മാത്രമായി ഒരു ലാന്റ് കൺസർവൻസി യൂണിറ്റ് രൂപീകരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കാൻ കോഴിക്കോട് ജില്ലാ കളക്ടർ, സർവ്വേ ആന്റ് ലാന്റ് റെക്കോർഡ്സ് വകുപ്പ് ഡയറക്ടർ, ലാന്റ് റവന്യൂ കമ്മീഷണർ എന്നിവർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇങ്ങനെ രൂപീകരിക്കുന്ന ലാന്റ് കൺസർവൻസി യൂണിറ്റിന്റെ ചെലവ് അന്യാധീനപ്പെട്ട ഭൂമി തിരിച്ചു പിടിക്കുന്നതുവരെയോ അല്ലെങ്കിൽ അഞ്ച് വർഷത്തേക്കോ ഏതാണോ ആദ്യം അത്രയും കാലത്തേക്ക് ബോർഡ് വഹിക്കുന്നതാണെന്ന് മലബാർ ദേവസ്വം ബോർഡ് കമ്മീഷണർ അറിയിച്ചിട്ടുണ്ട്. 12-6-2014-ന് ദേവസ്വം വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ദേവസ്വംവക ഭൂമി ഒരു കാരണവശാലും മറ്റുള്ളവർക്ക് രജിസ്റ്റർ ചെയ്തുകൊടുക്കാൻ പാടില്ല എന്ന് എല്ലാ സബ് രജിസ്ട്രാർ ഓഫീസർമാർക്കും നിർദ്ദേശം നൽകുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുന്നതിന് നികുതി വകുപ്പ് സെക്രട്ടറിക്കും നഷ്ടപ്പെട്ട ഭൂമികളുടെയും മറ്റും കണക്കെടുപ്പ് നടത്തുന്നതിന് ഒരു സ്പെഷ്യൽ ഓഫീസറെ നിയമിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് റവന്യൂ പ്രിൻസിപ്പൽ സെക്രട്ടറിക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതുകൂടാതെ കേരള ലാന്റ് കൺസർവൻസി ആക്ട് പ്രകാരം കയ്യേറ്റഭൂമി ഒഴിപ്പിക്കുന്നതിനും കയ്യേറ്റം ചെയ്ത ഭൂമിയുടെ മൂല്യത്തിന്റെ മൂന്നിരട്ടി തുക പിഴ ഈടാക്കുന്നതിനും എല്ലാ സബ് കളക്ടർമാർക്കും തഹസിൽദാർമാർക്കും ഡെപ്യൂട്ടി കളക്ടർമാർക്കും നിർദ്ദേശം നൽകുകയും ഇതു സംബന്ധിച്ച റിപ്പോർട്ട് അടിയന്തരമായി സമർപ്പിക്കണമെന്ന് എല്ലാ ജില്ലാ കളക്ടർമാർക്കും റവന്യൂ (ദേവസ്വം) സെക്രട്ടറി നിർദ്ദേശം നൽകിയിട്ടുണ്ട്.

2250-00-103-85-36—മലബാർ ദേവസ്വം ബോർഡിന് കീഴിൽ ഒരു ക്ഷേത്രകലാ ഇൻസ്റ്റിറ്റ്യൂട്ട് തുടങ്ങുന്നതിന് സഹായധനം—ശമ്പളേതരം

ശിപാർശ

അന്യംനിന്നുപോകുന്ന ക്ഷേത്രാചാരങ്ങളും ക്ഷേത്രകലകളും പരിപോഷിപ്പിക്കുന്നതിനായി ക്ഷേത്രങ്ങളിൽ ഉപയോഗപ്പെടുത്താതെകിടക്കുന്ന സ്ഥലത്ത് ക്ഷേത്രകലാ ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്നതിന് 10 കോടി രൂപ വകയിരുത്തുന്നതിന് 2012-13 സാമ്പത്തികവർഷത്തെ ബഡ്ജറ്റിൽ ശിപാർശ ചെയ്തിരുന്നെങ്കിലും ആയത് ലഭിച്ചിട്ടില്ല. അതിനാൽ ഈ ആവശ്യത്തിലേക്കായി 10 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 19)

സ്വീകരിച്ച നടപടി

മലബാർ ദേവസ്വം ബോർഡിന്റെ കീഴിൽ ഒരു ക്ഷേത്രകലാ അക്കാഡമി സ്ഥാപിക്കുന്നതിന് തീരുമാനമെടുക്കുകയും എന്നാൽ സർക്കാർ തലത്തിൽ ഇതിനെ സംബന്ധിച്ച് കൂടുതൽ മാർഗ്ഗരേഖകൾ പുറപ്പെടുവിക്കുന്നതിനു മുൻപുതന്നെ മലബാർ ദേവസ്വം ബോർഡ് ടി അക്കാഡമി കണ്ണൂർ ജില്ലയിലെ മാടായിക്കാവ് പരിസരത്ത് സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും 5 ലക്ഷം രൂപയ്ക്ക് ഫർണിച്ചർ വാങ്ങുകയും ചെയ്തു. ഈ തുക ബോർഡിന്റെ തനതു ഫണ്ടിൽ നിന്നും ചെലവഴിക്കുന്നതിന് അനുവാദം നൽകിയിട്ടുണ്ട്. അക്കാഡമിയുടെ നടത്തിപ്പിനായി ഒരു പ്രസിഡന്റിനെയും ബോർഡ് അംഗങ്ങളെയും നിയമിച്ചിട്ടുണ്ട്.

2250-00-103-86-34—ആചാര്യസ്ഥാനികർക്കും കോലധാരികൾക്കും ഉള്ള മാസ അലവൻസ്—മറ്റു ചെലവുകൾ

ശിപാർശ

സർക്കാർ അംഗീകാരം നൽകിയിട്ടുള്ള 1203 ആചാര്യസ്ഥാനികർക്കും 278 കോലധാരികൾക്കും പുറമെ 601 ആചാര്യസ്ഥാനികർക്കും 89 കോലധാരികൾക്കും കൂടി ധനസഹായം അനുവദിച്ചുകൊണ്ട് 2013-ൽ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടായിരുന്നെങ്കിലും ധനസഹായ വിതരണത്തിനായി 2013-14-ലെ ബഡ്ജറ്റിൽ അധിക തുക അനുവദിക്കാതിരുന്നതിനാൽ ബോർഡിന്റെ തനതു ഫണ്ടിൽ നിന്നുമാണ് തുക വിതരണം ചെയ്തത്. കൂടാതെ 2013-14 വർഷത്തെ ധനസഹായ വിതരണം ഫണ്ടിന്റെ അപര്യാപ്തതമൂലം കുടിശ്ശികയാണ്. അതിനാൽ ബോർഡ് ഫണ്ടിലേക്ക് തിരികെ വകയിരുത്തേണ്ട 19,06,500 രൂപയും 2013-14-ലെ കുടിശ്ശിക വിതരണത്തിനാവശ്യമായ 1,19,00,700 രൂപയും 2014-15-ലെ ധനസഹായ വിതരണത്തിനാവശ്യമായ 2,04,01,200 രൂപയും ഉൾപ്പെടെ 3,42,08,400 രൂപ ഈ പദ്ധതിയുടെ പ്രവർത്തനത്തിന് ആവശ്യമായി വരുന്നതാണ്. കൂടാതെ ധനസഹായം ലഭിക്കുന്നതിന് സർക്കാർ മുമ്പാന്തിരവും നേരിട്ടും ലഭിക്കുന്ന അപേക്ഷകളിൽ ധനസഹായം ലഭ്യമാക്കുന്നതിനും തുക ആവശ്യമായി വരുമെന്നതിനാൽ ഈ ആവശ്യങ്ങളിലേക്കായി 6 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 20)

സ്വീകരിച്ച നടപടി

2014-15 സാമ്പത്തികവർഷത്തെ സപ്ലിമെന്ററി ഗ്രാന്റ് ഇനത്തിൽ ഒരു കോടി രൂപ അനുവദിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

ശിപാർശ

കേരളത്തിലെ ക്ഷേത്രങ്ങളോടനുബന്ധിച്ചുള്ള കാവുകൾ, കുളങ്ങൾ, ആൽത്തറകൾ എന്നിവ സംരക്ഷിക്കുന്നത് പാരിസ്ഥിതിക സംരക്ഷണത്തിന് തീർച്ചയായും ഒരു മുതൽക്കൂട്ടാണെന്ന് സമിതി കരുതുന്നു. കൂടാതെ ജലാശയങ്ങൾ മിക്കതും നാശോന്മുഖമായി കൊണ്ടിരിക്കുന്ന കാലഘട്ടത്തിൽ ക്ഷേത്രക്കുളങ്ങൾ സംരക്ഷിക്കേണ്ടത് ഭൂജല സംരക്ഷണത്തിന് അത്യന്താപേക്ഷിതമാണ്. ഇക്കാര്യങ്ങൾക്കൊക്കെയായി ബഡ്ജറ്റിൽ സാധാരണയായി തുക വകയിരുത്താറുണ്ടെങ്കിലും ഇപ്പോൾ നാമമാത്രമായ തുകയെ വകയിരുത്തിയിട്ടുള്ളു. ആയതിനാൽ മേൽ പറഞ്ഞ ആവശ്യത്തിലേക്കായി ഈ സാമ്പത്തിക വർഷം 10 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 21)

സ്വീകരിച്ച നടപടി

ക്ഷേത്രങ്ങളുടെ അധീനതയിലുള്ള കാവുകളും കുളങ്ങളും ആൽത്തറകളും സംരക്ഷിക്കുന്നതിനും പുനരുദ്ധാരണത്തിനുമായി "2250-00-800-99" എന്ന ബഡ്ജറ്റ് ശീർഷകത്തിൽ 10 കോടി രൂപ 4-6-2014-ലെ സ.ഉ. (സാധാ.) 2462/2014/ആർഡി. നമ്പർ ഉത്തരവ് പ്രകാരം അനുവദിച്ച് ഉത്തരവായിട്ടുണ്ട്.

3475-00-201-93—കർഷക പുനരധിവാസ ഫണ്ടിൽ നിന്നും കൊടുക്കുന്നതിന്—മറ്റു ചെലവുകൾ

ശിപാർശ

ജന്മിപെൻഷൻ 500 രൂപയിൽ നിന്നും 1,500 രൂപയായി വർദ്ധിപ്പിച്ചതിനാൽ പുതുക്കിയ നിരക്കിൽ ജന്മിപെൻഷൻ വിതരണം നടത്തുന്നതിന് അധികമായി ആവശ്യമുള്ള 14 ലക്ഷം രൂപ കൂടി അനുവദിക്കണം.

(ഖണ്ഡിക 22)

സ്വീകരിച്ച നടപടി

ജന്മിപെൻഷൻ 500 രൂപയിൽ നിന്നും 1,500 രൂപയായി വർദ്ധിപ്പിച്ചതിനാൽ പുതുക്കിയ നിരക്കിൽ ജന്മിപെൻഷൻ വിതരണം നടത്തുന്നതിന് ടി ശീർഷകത്തിൽ 14,00,000 രൂപ അധികമായി വകയിരുത്തുവാൻ ആവശ്യപ്പെട്ടുകൊണ്ട് ഒന്നാംഘട്ട ഉപധനാഭ്യർത്ഥനയിൽ ശിപാർശ സമർപ്പിച്ചുവെങ്കിലും ഫണ്ട് ലഭിച്ചിട്ടില്ല. 1-9-2014-ലെ 380/14/റവന്യൂ നമ്പർ ഉത്തരവ് പ്രകാരം മുൻ ജന്മിപെൻഷൻ 3,000 രൂപയായി

വർദ്ധിപ്പിച്ചിട്ടുണ്ട്. ഇപ്രകാരം 3,000 രൂപ നിരക്കിൽ ഫണ്ട് വിതരണം ചെയ്യുന്നതിനായി 32 ലക്ഷം രൂപ അനുവദിക്കുന്നതിന് അഡീഷണൽ ഓതറൈസേഷൻ പ്രൊപ്പോസൽ 20-10-2014-ന് നൽകിയിട്ടുണ്ട്.

3475-00-201-90—ഭൂപരിഷ്കരണ റിവ്യൂ ബോർഡ്

ശിപാർശ

ലാന്റ് റിഫോംസ് റിവ്യൂ ബോർഡ് അനൗദ്യോഗിക അംഗങ്ങൾക്ക് ഫസ്റ്റ് ക്ലാസ്സ് ഓഫീസർമാർക്ക് ലഭിക്കുന്ന റ്റി.എ./ഡി.എ. നിരക്കിൽ തുക നൽകുന്നതിന് ഉത്തരവ് ലഭിച്ചിട്ടുള്ളതിനാൽ ടി ആവശ്യത്തിനായി 1 ലക്ഷം രൂപ അധികമായി അനുവദിക്കണം.

(ഖണ്ഡിക 23)

സ്വീകരിച്ച നടപടി

ലാന്റ് റിഫോംസ് റിവ്യൂ ബോർഡ് അനൗദ്യോഗിക അംഗങ്ങൾക്ക് ഫസ്റ്റ് ക്ലാസ്സ് ഓഫീസർമാർക്ക് ലഭിക്കുന്ന നിരക്കിൽ റ്റി.എ./ഡി.എ. നൽകുന്നതിന് 1 ലക്ഷം രൂപ വകയിരുത്തുന്നതിന് 2014-15 ഒന്നാംഘട്ട ഉപധനാഭ്യർത്ഥനയിൽ ശിപാർശ സമർപ്പിച്ചെങ്കിലും ഫണ്ട് ലഭിച്ചിട്ടില്ല. തുടർന്ന് ടി തുക ലഭ്യമാക്കുന്നതിന് 20-10-2014-ന് അഡീഷണൽ ഓതറൈസേഷൻ പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്.

3475-00-201-89—ഭൂപരിഷ്കരണ നിയമപ്രകാരം ഏറ്റെടുക്കപ്പെട്ട മിച്ചഭൂമിയുടെ താൽക്കാലിക നിയന്ത്രണ ചെലവ്

ശിപാർശ

പ്രസ്തുത ഭൂമിയുടെ സംരക്ഷണത്തിന് ബഡ്ജറ്റിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ 20,00,000 രൂപ കൂടി വകയിരുത്തണം.

(ഖണ്ഡിക 24)

സ്വീകരിച്ച നടപടി

ഭൂപരിഷ്കരണ നിയമപ്രകാരം സർക്കാരിലേക്ക് ഏറ്റെടുത്ത മിച്ചഭൂമി സംരക്ഷിക്കുന്നതിനായി 20 ലക്ഷം രൂപ ആവശ്യപ്പെട്ടുകൊണ്ട് ഒന്നാംഘട്ട ഉപധനാഭ്യർത്ഥനയിൽ ശിപാർശ സമർപ്പിച്ചുവെങ്കിലും ഫണ്ട് ലഭിച്ചിട്ടില്ല. തുടർന്ന് 20-10-2014-ന് അഡീഷണൽ ഓതറൈസേഷൻ പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്.

**നാലാമത് റിപ്പോർട്ടിൽ ഇനിയും നടപടി സ്റ്റേറ്റ്മെന്റുകൾ ലഭിക്കാത്ത ശിപാർശകൾ**

ധനാഭ്യർത്ഥന നമ്പർ VI—ഭൂനികുതി

ഖണ്ഡിക നമ്പർ 1, 2, 3, 4, 5, 6

ധനാഭ്യർത്ഥന നമ്പർ XI—ജില്ലാഭരണവും പലവകയും

ഖണ്ഡിക നമ്പർ 9, 10, 11, 12, 13

അടൂർ പ്രകാശ്,
*അദ്ധ്യക്ഷൻ,*
*വിഷയനിർണ്ണയ സമിതി II.*

തിരുവനന്തപുരം,
2015 ജൂൺ 8.